സി വി സരോജിനിയമ്മ

ചെങ്ങന്നൂർ

മുണ്ടൻകാവ് തുണ്ടത്തിൽ പുത്തൻവീട്ടിൽ (മണലിൽ) സി വി സരോജിനിയമ്മ (92) അന്തരിച്ചു. ആലപ്പുഴ പുന്തലത്താഴം ചെറുവേലിൽ കുടുംബാംഗമാണ്. സംസ്കാരം ബുധൻ രാവിലെ 10.30ന് തൈയ്ക്കാട് ശാന്തികവാടത്തിൽ. ഭർത്താവ്: പരേതനായ ഗോപിനാഥൻ പിള്ള. മക്കൾ: ജി മധുസൂദനൻ (പൊതുമരാമത്ത്വകുപ്പ്, തിരുവനന്തപുരം ആർ&ബി റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), ജി രമാദേവി (ജില്ലാ ലോട്ടറി ഓഫീസർ). മരുമക്കൾ: ബി വിജയകുമാർ (റിട്ട. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ), ബി ജയലക്ഷ്മി കുഞ്ഞമ്മ (പൊതുമരാമത്ത്വകുപ്പ്, കോട്ടയം ബിൽഡിംഗ്സ് റിട്ട. സീനിയർ സുപ്രണ്ട്).

സി ലളിത

വിഴിഞ്ഞം

പുളിങ്കുടി പൊറ്റവിള റോഡരികത്ത് വീട്ടിൽ സി ലളിത (81) അന്തരിച്ചു. ഭർത്താവ്: പരേതനായ ലക്ഷ്മണൻ നാടാർ. മക്കൾ: എൽ രാമചന്ദ്രൻ, എൽ രവീന്ദ്രൻ, എൽ കുമാരി ഉഷ (അധ്യാപിക, ജിഎച്ച്എസ്എസ്, പുലിയൂർ), എൽ ഷാജി (ഡ്രൈവർ, താലൂക്ക് ഓഫീസ് നെയ്യാറ്റിൻകര) മരുമക്കൾ: ഒ സിന്ധു, ടി ഷീജ, കെ ജയകുമാർ (ക്ലർക്ക്, പൂവാർ ഗ്രാമപഞ്ചായത്ത്), സി റാണി കുമാരി. സഞ്ചയനം വ്യാഴം രാവിലെ 8ന്.

പത്മനാഭൻ നായർ

കരകുളം

മുണ്ടക്കൽ നന്ദനത്തിൽ പത്മനാഭൻ നായർ (76) അന്തരിച്ചു. ഭാര്യ: പത്മാവതി അമ്മ. മക്കൾ: ശംബു, അജിത് കുമാർ. സഞ്ചയനം ഞായർ 8.30ന്.

എൻ മോഹനൻ ആശാരി

വെടിവെച്ചാൽകോവിൽ

പാരൂർകുഴി സന്ധ്യാനിവാസിൽ എൻ മോഹനൻ ആശാരി (63) അന്തരിച്ചു. മകൾ: അഞ്ചു പി മോഹൻ (കുക്കു). മരുമകൻ: മനു. സഞ്ചയനം ഞായർ എട്ടിന്.

അക്ബർ

നെടുമങ്ങാട്

കല്ലിങ്ങൽ പാട്ടത്തിൽവീട്ടിൽ അക്ബർ (81) അന്തരിച്ചു, ഭാര്യ: സുൽഫ ബീവി. മക്കൾ: എ എസ് ലിദാ, എ എസ് വസീം രാജാ. മരുമകൻ: ബെൻസീർ.

പാലാ രൂപത ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അച്ഛൻ കെ എം മാത്യു

കയ്യൂർ

പാലാ രൂപത ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അച്ഛൻ കയ്യൂർ കല്ലറങ്ങാട്ട് കെ എം മാത്യു (കുട്ടി–97) അന്തരിച്ചു. സംസ്കാരം വ്യാഴം പകൽ 10.30ന് കയ്യൂർ ക്രിസ്തുരാജ് പള്ളി സെമിത്തേരിയിൽ. ഭാര്യ: ത്രേസ്യാ ഉള്ളനാട് വട്ടപ്പലം കുടുംബാംഗം. മറ്റ് മക്കൾ: ചിന്നമ്മ, മാണി, മാത്യു, മേരി, കുഞ്ഞുമോൻ, ബെറ്റ്സി. മരുമക്കൾ: സാലി കാണ്ടാവനത്തിൽ (നീലൂർ), ടീസ ചാലിൽ (മാനന്തവാടി), ജോർജ് വള്ളോംപുരയിടത്തിൽ (തട്ടക്കുഴ), ലിജ പുളിക്കൽ (കളത്തൂക്കടവ്), ബേബി അബ്രാഹം കുഞ്ചറക്കാട്ടിൽ (അ യർക്കുന്നം).

എ രത്തമണി

വെള്ളറട

അമ്പലത്ത്വിളാകം പുത്തൻ വീട്ടിൽ എ രത്തമണി (78, റിട്ട. സർവേ ഡിപ്പാർട്ട്മെന്റ് അന്തരിച്ചു. സംസ്കാരം വ്യാഴം രാവിലെ 11 ന് ആനപ്പാറ ഹോളിക്രോസ് പള്ളി കുടുംബ കല്ലറയിൽ. ഭാര്യ: പരേതയായ റോസിലറ്റ്. മക്കൾ: ആർ ആർ ബ്രഡ്ഡ്യൂക്ക്, ഡോ. ആർ ആർ ബ്രഡ്ഡ്യൂഷ. മരുമക്കൾ: എൽബി പി ഹെർമിസ്, റോബർട്ട് ബ്രൂസ്.

ഉണ്ണികൃഷ്ണൻനായർ

ആറ്റിങ്ങൽ

കവലയൂർ യുഎസ് ഭവനിൽ ഉണ്ണികൃഷ്ണൻനായർ (65) അന്തരിച്ചു. ഭാര്യ: സുധാദേവി. മക്കൾ: യു എസ് ഉമേഷ്, എസ് യു ഉമാദേവി. മരുമകൻ: സജിമോൻ. സഞ്ചയനം ബുധൻ 8.30ന്.

ഗോപാലകൃഷ്ണൻ നായർ

ചിറയിൻകീഴ്

ആറ്റിങ്ങൽ രാമച്ചംവിള കോവിൽവിളവീട്ടിൽ ഗോപാലകൃഷ്ണൻ നായർ (62) അന്തരിച്ചു. ഭാര്യ: വത്സല. മക്കൾ: അശ്വതി ജി കൃഷ്ണൻ, അജയ് ജി കൃഷ്ണൻ.



എസ് നീലകണ്ഠൻ

വെഞ്ഞാറമൂട്

കല്ലറ പരപ്പിൽ തെന്നൂർ അരയകുന്ന് തടത്തരികത്തുവീട്ടിൽ എസ് നീലകണ്ഠൻ (85, റിട്ട. എക്സൈസ്) അന്തരിച്ചു. ഭാര്യ: പരേതയായ കുഞ്ഞി. മക്കൾ: പ്രസന്ന, പ്രശോഭന, സുഷ.

അപ്പുകുട്ടൻ

വിഴിഞ്ഞം

പെരിങ്ങമ്മല ആനൂർകുഴി ശ്രീലകത്തിൽ അപ്പുകുട്ടൻ (74) അന്തരിച്ചു. ഭാര്യ: സരസമ്മ. മക്കൾ: ഷീബ, രാജേഷ്. മരുമക്കൾ: മണികണ്ഠൻ, സിന്ധു. സഞ്ചയനം ഞായർ ഒമ്പതിന്.

എൻ ദിവാകരൻ

കായംകുളം

വേരുവള്ളിഭാഗം ശ്രീഭവനം എൻ ദിവാകരൻ (67) അന്തരിച്ചു. ഭാര്യ: ശ്രീലത (ഉഷ). മക്കൾ: ദിവ്യ, ദീപ്തി. മരുമകൻ: അനീഷ് (കണ്ണൻ). സഞ്ചയനം 14ന് രാവിലെ എട്ടിന്.

താജുദ്ദീൻ മുസ് ലിയാർ

മുറ്റിച്ചൂർ

പുതുശേരി താജുദ്ദീൻ മുസ് ലിയാർ (82) അന്തരിച്ചു. മുറ്റിച്ചൂർ സുബുലുൽ ഹുദാ മദ്രസയിലെ മുൻ അധ്യാപകനാണ്. ഖബറടക്കം നടത്തി. ഭാര്യ: ബീവാത്തു. മക്കൾ: റംലത്ത്, മുഹമ്മദ് സാലിഹ്, നസീറ, റസീന. മരുമക്കൾ: ബദറുദ്ദീൻ, സൈനുൽ ആബിദ്, ഫൗസിയ, അൻവർ.

ഭരതൻ

കണ്ടല്ലൂർ തെക്ക്

പുല്ലുകുളങ്ങര ചൈതന്യയിൽ ഭരതൻ (78) അന്തരിച്ചു. ഭാര്യ: സുമതി. മക്കൾ: ലേഖ, ശ്രീവിദ്യ, മഹേഷ്. മരുമക്കൾ: സുധി, റോൺ, അമലു (അംലു). സഞ്ചയനം 13ന് രാവിലെ എട്ടിന്.

കൊച്ചപ്പി

പാറശാല

അയിര പള്ളത്തുമേപുറം പരുത്തിവിളവീട്ടിൽ കൊച്ചപ്പി (78) അന്തരിച്ചു. ഭാര്യ: റോസാൾ. മക്കൾ: ജ്ഞാനസെൽവം, ദാസൻ, അമ്പിളി, ഗീത, സുനിൽ കുമാർ. മരുമക്കൾ: വിജയൻ, പുഷ്പം, സതീഷ്, സുന്ദരൻ, പ്രേമ. പ്രാർഥന ബുധൻ രാവിലെ എട്ടുമണിക്ക് സെന്റ് മേരീസ് പള്ളിയിൽവച്ച്.

മണികണ്ഠൻ

മുടപുരം

ചുമടുതാങ്ങി അക്ഷയഭവനിൽ മണികണ്ഠൻ (45) അന്തരിച്ചു. അച്ഛൻ: പരേതനായ ബാബു. അമ്മ: നിർമല. ഭാര്യ: രജിത (കിഴുവിലം ഗ്രാമപഞ്ചായത്ത് മെമ്പർ). മകൻ: ശ്രീഹരി. സഞ്ചയനം ഞായർ ഒമ്പതിന്.

രാജൻ

നഗരൂർ

മാടപ്പാട് ജിആർ ഭവനിൽ രാജൻ (76) അന്തരിച്ചു. ഭാര്യ: അംബിക. മക്കൾ: രജിരാജ്, രസ്സരാജ്. മരുമക്കൾ: ഷിഞ്ചു, റജികൃഷ്ണ. സഞ്ചയനം വെള്ളി എട്ടിന്.

എസ് സതീന്ദ്രൻ

കഴക്കൂട്ടം

മാർക്കറ്റ് റോഡ് മമത നഗർ 46 ബി കൗസല്യ ഭവനിൽ എസ് സതീന്ദ്രൻ (51) അന്തരിച്ചു. ഭാര്യ: ആശ. മക്കൾ: സുദർശൻ, ശിവ, മരുമകൻ: ദിലീപ്. സഞ്ചയനം ഞായറാഴ്ച രാവിലെ 11ന്.

ഫാ. ചാക്കോ പാറയിൽ

തൃശൂർ

അതിരൂപതയിലെ സീനിയർ വൈദികനായ ചാക്കോ പാറയിൽ (84) അന്തരിച്ചു. സംസ്കാരം വ്യാഴം പകൽ 2.30ന് ഇരിങ്ങാലക്കുട രൂപതയിലെ വെളയനാട് പള്ളി സെമിത്തേരിയിൽ. വ്യാഴാഴ്ച രാവിലെ 10 മുതൽ പകൽ രണ്ടുവരെ വെളയനാടുള്ള സഹോദരന്റെ മകൻ പാറയിൽ ഇട്ട്യേര ജോർജിന്റെ വീട്ടിൽ പൊതുദർശനത്തിന് വയ്ക്കും. 2015 മുതൽ ചേറൂർ വിയാനി ഭവനിലും തുടർന്ന് തൃശൂർ സെന്റ് ജോസഫ് വൈദിക മന്ദിരത്തിലും വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

ജേക്കബ്

പുത്തൻപീടിക

കൈതമുക്ക് കുറ്റിക്കാട്ട് ജേക്കബ് (84) അന്തരിച്ചു. സംസ്കാരം ബുധൻ വൈകിട്ട് 4.30ന് പുത്തൻപീടിക സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: പരേതയായ മറിയാമ്മ. മക്കൾ: പ്രിൻസി, പ്രീജി. മരുമക്കൾ: യേശുദാസ്, നിഷ.

സുകുമാരൻ

കൂളിമുട്ടം

എരുമത്തുരുത്തി സുകുമാരൻ (78) അന്തരിച്ചു. സംസ്കാരം ബുധനാഴ്ച രാവിലെ വീട്ടുവളപ്പിൽ. ഭാര്യ: സതി. മക്കൾ: സുധീഷ്, സുധിനി, സുമിനി. മരുമക്കൾ: സിജിമോൾ, ഉണ്ണികൃഷ്ണൻ, രണദീപൻ.

ശ്രീധരൻ നായർ

കേരളാദിത്യപുരം

ശ്രീനഗർ എസ്എൻആർ എ52എ കുണ്ടർത്തല സോപാനത്തിൽ ശ്രീധരൻ നായർ (85) അന്തരിച്ചു. ഭാര്യ: പരേതയായ ഓമന അമ്മ. മക്കൾ: ബിന്ദു സതീഷ്, എസ് ഒ ബിജുകുമാർ, എസ് ഒ വിനോദ് കുമാർ. മരുമക്കൾ: സതീഷ് കുമാർ, ഷീജ ബിജു, ബിന്ദു വിനോദ്. സഞ്ചയനം ഞായർ 8.30ന്.

എം സത്യചന്ദ്രൻനായർ

മണക്കാട്

കുരിയാത്തി തലയാറ്റുവീട്ടിൽ (നിർമാല്യം) എം സത്യചന്ദ്രൻനായർ (70, ചന്ദ്രൻ) അന്തരിച്ചു. ഭാര്യ: പി നിർമല. മകൾ: എൻ എസ് ധന്യ. മരുമകൻ: വി പ്രകാശ് കുമാർ. സഞ്ചയനം ഞായർ 8.30ന്.

വി ടി ശശിധരൻനായർ

ആനയറ

മുല്ലൂർവീട്ടിൽ വി ടി ശശിധരൻനായർ (77, റിട്ട. ബിഎസ്എൻഎൽ) അന്തരിച്ചു.

എം എസ് ശ്രീനിവാസൻ

വെഞ്ഞാറമൂട്

കഥകളി നടനും വള്ളത്തോൾ സ്മാരക കഥകളി യോഗത്തിന്റെ ഉടമയുമായ കോലിയക്കോട് മൺവിളമുകൾ വീട്ടിൽ കലാനിലയം എം എസ് ശ്രീനിവാസൻ (67) അന്തരിച്ചു. ഭാര്യ: ലത. മകൻ: ശംഭു കൃഷ്ണൻ (ഡിവൈഎഫ്ഐ കോലിയക്കോട് മേഖലാ സെക്രട്ടറി).

ലളിത

ആര്യനാട്

കോട്ടയ്ക്കകം ചരുവിളവീട്ടിൽ ലളിത (69) അന്തരിച്ചു. ഭർത്താവ്: പരേതനായ വിശ്വംഭരൻ. മക്കൾ: ലാജി, മഞ്ജു. സഞ്ചയനം വെള്ളി ഏഴിന്.

ഇന്നമ്മ കുഞ്ഞുകുട്ടി

കോടംതുരുത്ത്

കരിയിൽ പടിഞ്ഞാറെച്ചിറയിൽ ഇന്നമ്മ കുഞ്ഞുകുട്ടി (85) അന്തരിച്ചു. മക്കൾ: പ്രതാപൻ, പ്രദോഷ് (സിപിഐ എം ഇ എം എസ് ബ്രാഞ്ചംഗം), പ്രസാദ്, പ്രമോദ്, പരേതനായ പ്രകാശൻ. മരുമക്കൾ: ശശികല, സുശീല, ഗീത, സുലേഖ, ശ്രീവിദ്യ.

ആനി

തയ്യൂർ

പൊറത്തൂർ ആനി (76) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന് തയ്യൂർ നിത്യസഹായ മാതാ പള്ളി സെമിത്തേരിയിൽ. ഭർത്താവ്: പരേതനായ അന്തോണി. മക്കൾ: ജോയി (ബഹ്റൈൻ), മേരി. മരുമക്കൾ: ഫ്രാൻസിസ്, റീജ.

വിജയൻ

തൊയക്കാവ്

കൊല്ലംകുളങ്ങര ക്ഷേത്ര പരിസരത്ത് കല്ലായി വിജയൻ (66) അന്തരിച്ചു. ദുബായ് എമിറേറ്റ്സ് റിട്ട. സ്റ്റാഫായിരുന്നു. ഭാര്യ: സവിത. മക്കൾ: ശരത്ത് (ദുബായ്), ശരണ്യ, മരുമകൻ: രഞ്ജു (ദുബായ്).

സുഭദ്രാമ്മ

തിരുവനന്തപുരം

കാലടി കുളത്തറ ശ്രീനിലയം വീട്ടിൽ സുഭദ്രാമ്മ (77) അന്തരിച്ചു. ഭർത്താവ് ; പരേതനായ വേലപ്പൻ നായർ. മക്കൾ: തങ്കമണി, രമണി, ശ്രീകണ്ഠൻ. മരുമക്കൾ: വേണുഗോപാൽ, രാജൻ, ലീന. സഞ്ചയനം ഞായർ രാവിലെ 8.30ന്.

സി സരള

മണക്കാട്

കളിപ്പാൻകുളം ടിസി 49/759 കുഴിവിളത്തോപ്പുവീട്ടിൽ സി സരള (67) അന്തരിച്ചു. ഭർത്താവ്: പരേതനായ കൃഷ്ണപ്പൻ. മക്കൾ: ഗീതകുമാരി, സന്തോഷ് കുമാർ. മരുമകൻ: എസ് അനീഷ്. സഞ്ചയനം വ്യാഴം എട്ടിന്.

അമ്മിണി

ആറ്റിപ്ര

കുളത്തൂർ അരശുംമൂട് മരക്കാൻവിളാകത്തിൽ അമ്മിണി (66) അന്തരിച്ചു. ഭർത്താവ്: പരേതനായ വേണുഗോപാൽ. മക്കൾ: ലേഖ, ഗീത. മരുമകൻ: ദിലീപ്. സഞ്ചയനം ഞായർ 8.30ന്.

ജാനറ്റ്

ശ്രീകാര്യം

കുമാരപുരം ചെട്ടിക്കുന്ന് ജാൻസിഭവനിൽ ജാനറ്റ് (79) അന്തരിച്ചു. ഭർത്താവ്: പരേതനായ ജപമണി. മക്കൾ: ലത, ക്രിസ്റ്റഫർ, ജാൻസി. മരുമക്കൾ: സൈലൻ, ഷൈനി, ജോസ്.

പി രാധ

മലയിൻകീഴ്

പേയാട് റാക്കോണത്ത് മേലെ പുത്തൻ വീട്ടിൽ പി രാധ (77) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭാസ്കരൻ. മക്കൾ: പരേതയായ തങ്കമണി, ജയപാലൻ, വിജയൻ. സംസ്കാരം ബുധൻ രാവിലെ 10ന് ശാന്തികവാടത്തിൽ.

അമ്മിണി മത്തായി

ചെങ്ങന്നൂർ

പുന്തല ആഞ്ഞൂരിൽ പുത്തൻവീട്ടിൽ അമ്മിണി മത്തായി (87) അന്തരിച്ചു. സംസ്കാരം വ്യാഴം പകൽ 11.30ന് മന്തളിർ സെന്റ് തോമസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ. തുമ്പമൺ മുട്ടം ചാങ്ങേത്ത് വടക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ എ കെ മത്തായി. മക്കൾ: ജസി മാത്യു, എ എം ജോയി, പരേതരായ വത്സമ്മ മാത്യു, റജി മാത്യു. മരുമക്കൾ: സുജ ജോയി, സാജൻ ജോസഫ്.



ജാനകിയമ്മ

മണ്ണഞ്ചേരി

പഞ്ചായത്ത് ഒന്നാംവാർഡിൽ അമ്മിണി വിലാസത്തിൽ ജാനകിയമ്മ (98) അന്തരിച്ചു. ഭർത്താവ്: പരേതനായ പത്മനാഭപിള്ള. മക്കൾ: നാരായണപിള്ള, രാധാമണി, സരസ്വതിയമ്മ, അംബിക, ഉണ്ണികൃഷ്ണൻ. മരുമക്കൾ: പൊന്നുമണി, വിജയൻ, ശ്രീലത, പരേതരായ ശിവദാസകുറുപ്പ്, ശ്രീധരൻപിള്ള.

രഘുപതി

ശ്രീകാര്യം

പാങ്ങപ്പാറ മാങ്കുഴി ആശാരി വിളാകത്തിൽ രഘുപതി (82) അന്തരിച്ചു. ഭർത്താവ്: പരേതനായ സുബ്രയ്യൻ ആശാരി. മക്കൾ: വിജയകുമാരി, കുമാർ, വിക്രമൻ. മരുമക്കൾ: അപ്പുക്കുട്ടൻ ആ ശാരി, മിനി, സിന്ധു. സഞ്ചയനം ഞായർ രാവിലെ 8.30ന്.

ദേവമ്മ

ഉദിയൻകുളങ്ങര

ധനുവച്ചപുരം ആണ്ടിമാംവിള ഗോപിഭവനത്തിൽ ദേവമ്മ (82) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപിനാഥൻനായർ. മകൾ: പരേതയായ ലളിത. മരുമകൻ: ജയകുമാർ. സഞ്ചയനം വെള്ളി 9.30ന്.

എസ് ഗോമതി

കരമന

നെടുങ്കാട് റോഡിൽ അഭിരാമംവീട്ടിൽ എസ് ഗോമതി (85, റിട്ട. കെഎസ്ആർടിസി) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന് ശാന്തികവാടത്തിൽ. ഭർത്താവ്: പരേതനായ ലക്ഷ്മണൻ ആചാരി. മകൾ: മഞ്ജു. മരുമകൻ: സി രതീഷ്കുമാർ.

വിശാലാക്ഷി

അരുവിക്കര

ഇരുമ്പപാണ്ടിയോട് വിളയിൽവീട്ടിൽ വിശാലാക്ഷി (87) അന്തരിച്ചു. മക്കൾ: ലളിത, സാംബശിവൻ, സുധർമ്മ, സതീശൻ, പ്രസന്ന, മണിയൻ, ഭൂവനചന്ദ്രൻ. മരുമക്കൾ: പരേതനായ സഹദേവൻ, പരേതയായ ശാന്തകുമാരി, ശിവാനന്ദൻ, അമ്പിളി, വിജയൻ, പരേതയായ വത്സല, ജയകുമാരി. സഞ്ചയനം ബുധൻ 8.30ന്.

പി ലീല

തിരുവനന്തപുരം

പെരുകാവ് വിഴവൂർ പാറവിള വീട്ടിൽ പി ലീല (58) അന്തരിച്ചു. ഭർത്താവ്: പരേതനായ ആർ ഗോപാലൻ. മക്കൾ: എൽ കവിത, എൽ സരിത. മരുമക്കൾ: മധു, സുനിൽ. സഞ്ചയനം വ്യാഴം എട്ടിന്.

ജലാലുദ്ദീൻകുഞ്ഞ്

ഹരിപ്പാട്

ആറാട്ടുപുഴ കായിപ്പുറത്ത് ജലാലുദ്ദീൻകുഞ്ഞ് (62) അന്തരിച്ചു. പരേതനായ ഇബ്രാഹിംകുട്ടിയുടെയും സഫിയകുഞ്ഞിന്റെയും മകനാണ്. സഹോദരങ്ങൾ: ഹമീദ് കായിപ്പുറം, നൂറുദ്ദീൻ കുഞ്ഞ് (റിട്ട. ഡെപ്യൂട്ടി കലക്ടർ), സലാഹുദ്ദീൻ, ഷംസുദ്ദീൻ കായിപ്പുറം (ബ്ലോക്ക് പഞ്ചായത്ത് മുൻ അംഗം), സൈഫുദ്ദീൻകുഞ്ഞ് (ഭൂഗർഭ ജലവകുപ്പ് – ആലപ്പുഴ).

മാധവി

കായംകുളം

കണ്ണമ്പള്ളിഭാഗം വെട്ടുതറയിൽ (രഞ്ചുഭവനം) മാധവി (86) അന്തരിച്ചു. ഭർത്താവ്: പരേതനായ രാഘവൻ. മക്കൾ: സുരേന്ദ്രൻ, സുന്ദരൻ, സുനിത, പരേതനായ സുരേഷ്. മരുമക്കൾ: സരള, വസന്ത, രാധാകൃഷ്ണൻ. സഞ്ചയനം 13ന് രാവിലെ എട്ടിന്.

വി രാമചന്ദ്രൻ നായർ

നാലാഞ്ചിറ

മുണ്ടയ്ക്കോണം പാർക്കാന്തറവീട്ടിൽ വി രാമചന്ദ്രൻ നായർ (93) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി അമ്മ. മക്കൾ: രാധാകൃഷ്ണൻ നായർ (ഡെപ്യൂട്ടി മാനേജർ, കെഎസ്എഫ്ഇ), എസ് രാധ (ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്), എസ് ശാരദ (ടീച്ചർ, ദുബായ്), ഡോ. കൃഷ്ണകുമാർ (കൊച്ചിൻ മെഡിക്കൽ ട്രസ്റ്റ്). മരുമക്കൾ: പ്രേമരാജൻ നായർ (ദുബായ്), പരേതനായ ടി ആർ ജയകുമാർ, ഐ എസ് ബിന്ദു (ടീച്ചർ, പട്ടം ഗേൾസ് ഹൈസ്കൂൾ), കാഞ്ചന കൃഷ്ണകുമാർ (ഡെന്റിസ്റ്റ്). സഞ്ചയനം ഞായർ 8.30ന്.

ശശിധരൻ നായർ

വർക്കല

ഇടവ പാറയിൽ എസ്വി മന്ദിരത്തിൽ ശശിധരൻ നായർ (75) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന്. ഭാര്യ: വിജയകുമാരി. മക്കൾ: അനിൽകുമാർ (ദുബായ്), അരുൾകുമാർ (ദുബായ്), അഭിലാഷ് കുമാർ. മരുമക്കൾ: ലക്ഷ്മി, ദീപ്തി, ശ്രീക്കുട്ടി.

എ വിക്രമൻ

കിളിമാനൂർ

മലയാമഠം ആരൂർ എൽപി എസിനുസമീപം വിവി സദനത്തിൽ എ വിക്രമൻ (64) അന്തരിച്ചു. ഭാര്യ: പരേതയായ വിജയകുമാരി. മക്കൾ: വി വിഭ (സരള ഹോസ്പിറ്റൽ, കിളിമാനൂർ), വി വിപിൻ (അപ്പോൾസ്റ്ററി പഴയചന്ത, കല്ലറ). മരുമക്കൾ: എസ് അജയകുമാർ, ജി അശ്വതി. സഞ്ചയനം തിങ്കൾ ഒമ്പതിന്.

ടി കെ ബാലകൃഷ്ണക്കുറുപ്പ്

ചേർത്തല

പെരുമ്പളം പഞ്ചായത്ത് അഞ്ചാം വാർഡിൽ തട്ടാരത്ത് ടി കെ ബാലകൃഷ്ണക്കുറുപ്പ് (87) അന്തരിച്ചു. സംസ്കാരം ബുധൻ പകൽ മൂന്നിന് വീട്ടുവളപ്പിൽ. എൻഎസ്എസ് ആലുവ, കോതമംഗലം താലൂക്ക് യൂണിയനുകളുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: കെ സുഭദ്രാമ്മ (സിപിഐ ലോക്കൽ കമ്മിറ്റിയംഗം). മക്കൾ: മനോജ് (സെക്രട്ടറിയറ്റ് ഉദ്യോഗസ്ഥൻ), മഞ്ജുഷ (അധ്യാപിക, തൃപ്പൂണിത്തുറ ഗവ. ബോയ്സ് എച്ച്എസ്എസ്). മരുമക്കൾ: സ്മിത, ജയകുമാർ.

കെ പി ഷാനവാസ്

മുഹമ്മ

പഞ്ചായത്ത് 14–ാം വാർഡ് എസ്എൻവി കളരിപ്പറമ്പ് കെ പി ഷാനവാസ് (55) അന്തരിച്ചു. മുഹമ്മ എബി വിലാസം സ്കൂൾ ഓഫീസ് അസിസ്റ്റന്റും സിപിഐ എം എസ്എൻവി കിഴക്ക് ബ്രാഞ്ചംഗവുമാണ്. ഭാര്യ: കുഞ്ഞുമോൾ ഷാനവാസ് (മുഹമ്മ പഞ്ചായത്തംഗം). മക്കൾ: കെ എസ് ആഷിൻ, കെ എസ് ആദിത്യൻ. സഞ്ചയനം 13ന് പകൽ മൂന്നിന്.



രാജേന്ദ്രൻ

പുതിയവിള

പുത്തൻകണ്ടത്തിൽ (മുട്ടേകിഴക്കതിൽ) രാജേന്ദ്രൻ (59) അന്തരിച്ചു. ഭാര്യ: റിക്ബു മെഡൊ. മക്കൾ: രാജി, മല്ലിക, പ്രിയങ്ക, പരേതനായ രാജേഷ്. മരുമകൻ: വിനോദ്. സഞ്ചയനം 15ന് രാവിലെ എട്ടിന്.

കൂടിയാട്ടം കലാകാരൻ പി കെ ജി നമ്പ്യാർ അന്തരിച്ചു

ഒറ്റപ്പാലം

കൂടിയാട്ടം കലാകാരൻ ലെക്കിടി പടിഞ്ഞാറേ കോച്ചാമ്പിള്ളി മഠത്തിൽ പി കെ ഗോവിന്ദൻ നമ്പ്യാർ (പി കെ ജി നമ്പ്യാർ– 93) അന്തരിച്ചു. പ്രശസ്ത രംഗകലാകാരനും സംസ്കൃത പണ്ഡിതനുമായിരുന്ന മാണി മാധവ ചാക്യാരുടെയും കുഞ്ഞിമാളു നങ്ങ്യാരമ്മയുടെയും മകനായാണ് ജനനം. തൃശൂരിലെ മകളുടെ വീടായ പെരിങ്ങാവ് രാജീവ് ഗാർഡനിൽ സൗപർണികയിൽ ചൊവ്വ രാവിലെ 10നായിരുന്നു അന്ത്യം. ക്ഷേത്രകലയായ കൂടിയാട്ടത്തെ പുറംവേദിയിലെത്തിച്ച് ജനകീയവൽക്കരിച്ച കലാകാരനായിരുന്നു. ലെക്കിടി കിള്ളിക്കുറുശി മംഗലം കുഞ്ചൻ സ്മാരക സെക്രട്ടറി, ഒറ്റപ്പാലം എൻഎസ്എസ് കെപിടി സ്കൂളിൽ ഹിന്ദി അധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ചുണ്ട്. കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്, കേരള സംഗീതനാടക അക്കാദമി അവാർഡ്, കൂടിയാട്ടം ഗുരു എന്നനിലയിൽ യുനസ്കോ അംഗീകാരം, സീനിയർ ഫെലോഷിപ് തുടങ്ങി നിരവധി പുരസ്കാരങ്ങൾക്കും അർഹനായി. രേവതി പട്ടത്താനത്തിലെ പണ്ഡിത സദസ്സിൽ 1970–80 കാലഘട്ടത്തിൽ സ്ഥിരം അംഗമായിരുന്ന നമ്പ്യാർക്ക് സഹസ്രം തികഞ്ഞ കിഴി ലഭിച്ചിട്ടുണ്ട്. സാമൂതിരിപ്പാടിൽനിന്ന് സാരസ്യ രത്നാകര, ശീർഷകവും ലഭിച്ചു. 1985ൽ മികച്ച അധ്യാപകനുള്ള അവാർഡ് ലഭിച്ചു.

മൃതദേഹം ഒറ്റപ്പാലം ഷോപ് ഗോപാലൻ നായർ റോഡിലെ ജ്യോതി വിഹാറിൽ ചൊവ്വ വൈകിട്ട് നാലുമുതൽ പൊതുദർശനത്തിനുവച്ചു. സംസ്കാരം ബുധൻ രാവിലെ 10ന് ലെക്കിടി പടിഞ്ഞാറേ കോച്ചാമ്പിള്ളി മഠത്തിൽ. കവിയൂർ നമ്പ്യാർ മഠത്തിൽ രമാദേവിയാണ് ഭാര്യ. മക്കൾ: ജ്യോതിശ്രീ (നൃത്താധ്യാപിക, തൃശൂർ ഭാരതീയ വിദ്യാഭവൻ സ്കൂൾ), രാജേഷ് (മർച്ചന്റ് നേവി ചീഫ് എൻജിനിയർ). മരുമക്കൾ: മുകുന്ദൻ, ശ്രീലേഖ.

മൂന്നാറിലേക്ക് ഓട്ടം പോയ ടാക്സി ഡ്രൈവറെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

നേമം

ബാലരാമപുരത്തുനിന്ന് മൂന്നാറിലേക്ക് ഓട്ടം പോയ ടാക്സി ഡ്രൈവറെ മൂന്നാറിൽ പാലത്തിന്റെ കൈവരിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. താന്നിമൂട് താന്നിനിന്നവിള സുധാകറിൽ അനീഷ് എസ് ആനന്ദി (28)നെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. റിസോർട്ടിലേക്ക് ഓട്ടം പോകാറുള്ള അനീഷ് രണ്ടു ദിവസം മുമ്പ് എറണാകുളത്തെത്തി അവിടെനിന്നുള്ള സഞ്ചാരികളുമായി മൂന്നാറിലേക്ക് പോയതായിരുന്നു. അടിമാലിയിലാണ് മൃതദേഹം കണ്ടത്. ചൊവ്വ രാവിലെ നാട്ടുകാരാണ് പാലത്തിലെ കൈവരിയിൽ യുവാവ് തൂങ്ങിനിൽക്കുന്നതായി പൊലീസിൽ അറിയിച്ചത്. ആത്മഹത്യയെന്നാണ് പ്രാഥമിക നിഗമനം. ഭാര്യ: ആര്യ. മകൾ: അവന്തിക.

അനീഷ് എസ് ആനന്ദ്

ബൈക്ക് അപകടം: യുവാവ് മരിച്ചു

വിളപ്പിൽ

ബൈക്ക് നിയന്ത്രണംവിട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. മലയിൻകീഴ് മച്ചേൽ കുരുവിൻമുകൾ സന്തോഷ് ഭവനിൽ സന്തോഷ് കുമാറാ (41, ഉണ്ണി)ണ് മരിച്ചത്. തിങ്കളാഴ്ച രാത്രി 7.30ന് ജോലി കഴിഞ്ഞ് ശാന്തുംമൂലയിൽനിന്ന് കുരുവിൻമുകളിലെ വീട്ടിലേക്ക് പോകുന്നതിനിടെ മച്ചേൽ പാലത്തിനു സമീപത്ത് ബൈക്ക് നിയന്ത്രണംവിട്ട് മറിയുകയായിരുന്നു. തലയ്ക്കേറ്റ ഗുരുതര പരിക്കാണ് മരണകാരണമായത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെ ചൊവ്വാഴ്ച പുലർച്ചെ 4.15നായിരുന്നു മരണം. അവിവാഹിതനാണ്. അ ച്ഛൻ: അപ്പുക്കുട്ടൻനായർ (വിമുക്തഭടൻ) . അമ്മ: രതമ്മ. സഹോദരങ്ങൾ: പ്രേംകുമാർ, പ്രമോദ്.

സന്തോഷ് കുമാർ

മെട്രോ തൂണിൽ ബൈക്കിടിച്ച് 2 യുവാക്കൾ മരിച്ചു

കൊച്ചി

> **അപകടം മറൈൻ ഡ്രൈവിലേക്കുള്ള യാത്രയ്ക്കിടെ**

ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിനുസമീപം മെട്രോ തൂണിൽ ബൈക്കിടിച്ച് രണ്ടു യുവാക്കൾ മരിച്ചു. ഇടുക്കി ചെറുതോണി തോപ്രാംകുടി പടമുഖത്ത് കള്ളിപ്പാറ തുരുത്തിയിൽ വീട്ടിൽ സാബുവിന്റെ മകൻ അനന്തു (21), പാലക്കാട് അയിലൂർ കയറാടി മാങ്കുറുശി വീട്ടിൽ മോഹനന്റെ മകൻ ഉണ്ണിക്കുട്ടൻ (21) എന്നിവരാണ് മരിച്ചത്.

ചൊവ്വ പുലർച്ചെ 2.48 നായിരുന്നു അപകടം. മറൈൻഡ്രൈവിലേക്കുള്ള യാത്രാമധ്യേയായിരുന്നു അപകടം. ഇരുവരും പെരുമ്പാവൂർ എലഗൻസ് ഹോട്ടലിലെ ജീവനക്കാരാണ്. ജോലിക്കുശേഷമാണ് ഇരുവരും ബൈക്കിൽ മറൈൻഡ്രൈവിലേക്ക് തിരിച്ചത്. മറ്റൊരു ബൈക്കിൽ രണ്ട് സുഹൃത്തുക്കളുമുണ്ടായിരുന്നു. അനന്തുവാണ് ബൈക്ക് ഓടിച്ചിരുന്നത്. ചങ്ങമ്പുഴ പാർക്കിനുസമീപമുള്ള 463–ാം നമ്പർ മെട്രോ തൂണിൽ ബൈക്ക് ഇടിച്ച് ഇരുവരും തെറിച്ച് റോഡിന് കിഴക്കുഭാഗത്ത് വീണു. അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുനൽകി. ഉണ്ണിക്കുട്ടന്റെ സംസ്കാരം ബുധൻ രാവിലെ 10ന് വക്കാവ് ശ്മശാനത്തിൽ. പ്രിയയാണ് ഉണ്ണിക്കുട്ടന്റെ അമ്മ. സഹോദരങ്ങൾ: ഉണ്ണിമായ, ദിവ്യ. ചന്ദ്രികയാണ് അനന്തുവിന്റെ അമ്മ. സഹോദരങ്ങൾ: അജിത്, അഖിൽ.

അനന്തു

ഉണ്ണിക്കുട്ടൻ

ഭാര്യയെ കുത്തിക്കൊന്ന ശേഷം യുവാവ് ട്രയിനിന് മുന്നിൽ ചാടി മരിച്ചു

സ്വന്തം ലേഖകൻ

കായംകുളം

അഭിപ്രായ ഭിന്നതയെ തുടർന്ന് ഭാര്യയെ കുത്തിക്കൊന്ന ശേഷം ഭർത്താവ് ട്രയിന് മുന്നിൽ ചാടി മരിച്ചു. കായംകുളം ചേരാവള്ളി ചക്കാലയിൽ രശ്മി (ലൗലി–32)യാണ് കുത്തേറ്റ് മരിച്ചത്. സംഭവത്തിന് പിന്നാലെ ഭർത്താവ് ബിജു (45) ചേരാവള്ളി ലെവൽ ക്രോസിന് സമീപം ട്രെയിന് മുന്നിൽ ചാടി ജീവനൊടുക്കി. ചൊവ്വ രാത്രി 8.30 നായിരുന്നു സംഭവം. രശ്മി കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ താൽക്കാലിക ജീവനക്കാരിയാണ്. വൈകിട്ട് രശ്മിയെ ജോലി സ്ഥലത്ത് നിന്ന് ബൈക്കിൽ കൂട്ടിക്കൊണ്ടുവന്നത് ബിജുവായിരുന്നു. രാത്രി ഇരുവരും തമ്മിൽ തർക്കമുണ്ടായി. ഇതിനിടെ ബിജു കത്തികൊണ്ട് രശ്മിയെ കുത്തി. ബഹളം കേട്ട് ഓടിയെത്തിയ ബന്ധുക്കളും നാട്ടുകാരും ചേർന്ന് രശ്മിയെ കായംകുളം താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. പിന്നാലെ ബിജു വീടിന് സമീപത്തെ റെയിൽവേ ട്രാക്കിൽ കയറി ട്രയിന് മുന്നിൽ ചാടി. ബിജുവിന് വയറിങ് ജോലിയാണ്. ഇരുവരുടെയും മൃതദേഹം കായംകുളം താലൂക്ക് ആശുപത്രിയിൽ. കായംകുളം സി ഐ മുഹമ്മദ് ഷാഫിയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം സ്ഥലത്ത് എത്തി മേൽനടപടി സ്വീകരിച്ചു. മക്കൾ: അതിഥി ,അദ്വൈത്.

ചികിത്സയിലിരിക്കേ മരിച്ചു

തൃശൂർ

ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന സ്ത്രീ മരിച്ചു. പാപ്പാത്തി (65) എന്നാണ് ആശുപത്രി രേഖകളിൽ പേര് നൽകിയിട്ടുള്ളത്. ഏപ്രിൽ നാലിനാണ് ഇവരെ ഓർത്തോ വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. മെയ് നാലിന് മരിച്ചു. മൃതദേഹം ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവരെ തിരിച്ചറിയുന്നവർ ആശുപത്രി സൂപ്രണ്ട് ഓഫീസുമായോ മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷനുമായോ ബന്ധപ്പെടണം.

ബിഷപ് കെ ജെ സാമുവേലിന് നാട് വിടചൊല്ലി

മേലുകാവ്

സിഎസ്ഐ സഭ മുൻ മോഡറേറ്റർ ബിഷപ്പ് കെ ജെ സാമുവലിന് നാട് വിടചൊല്ലി. മേലുകാവ് കത്തിഡ്രൽ പള്ളിയിൽ അൾത്താരയോട് ചേർന്ന് പടിഞ്ഞാറുവശത്ത് പ്രത്യേകം തയ്യാറാക്കിയ കബറിടത്തിൽ മൃതദേഹം അടക്കംചെയ്തു.

മേലുകാവിലെ സിഎസ്ഐ സഭാ ആസ്ഥാനത്ത് പൊതുദർശനത്തിന് ശേഷം വിലാപയാത്രയായി മേലുകാവ് കത്തീഡ്രലിലേക്ക് എത്തിച്ച മൃതദേഹം നൂറോളം വൈദികർ ചേർന്നാണ് ദൈവാലയത്തിലേക്ക് പ്രവേശിപ്പിച്ചത്. ബിഷപ്പ് വി എസ് ഫ്രാൻസിസ്, മുൻ ബിഷപ്പ് ഡോ. കെ ജി ദാനിയേൽ, റവ.തോമസ് സാമുവേൽ, റവ.ഡോ. തോമസ് കെ ഉമ്മൻ, ബിഷപ്പ് ഡോ. മലയിൽ സാബു കോശി ചെറിയാൻ, റോയിസ് മനോജ് വിക്ടർ, ബി എൻ ഫെൻ, ഡോ. ജോസഫ് മാർ ബർനബാസ് സഫ്രഗൻ മെത്രാപ്പൊലീത്ത എന്നിവർ സംസ്കാര ശുശ്രൂഷക്ക് നേതൃത്വം നൽകി. പാലാ രൂപത ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്, കാഞ്ഞിരപ്പള്ളി രൂപത ബിഷപ്പ് മാർ ജോസ് പുളിക്കൻ, മോറോൻ മാർ അത്തനാസിയോസ് യോഹാൻ പ്രഥമൻ, ജോൺ മാർ ഐറേനിയസ്, മാത്യൂസ് മാർ സിൽവാനോസ്, മന്ത്രി റോഷി അഗസ്റ്റിൻ, എംപിമാരായ തോമസ് ചാഴികാടൻ, ആന്റോ ആന്റണി, എംഎൽഎമാരായ എം എം മണി, വാഴൂർ സോമൻ, ഡിഐജി ആമോസ് മാമ്മൻ, ഇടുക്കി ജില്ലാ പോലീസ് മേധാവി വി യു കുര്യാക്കോസ് എന്നിവർ അന്തിമോപചാരം അർപ്പിച്ചു.